**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.956**

**29/09/2016 ൽ മറുപടിയ്ക്ക്**

# മറ്റു സംസ്ഥാനങ്ങളിൽ കശുമാവിൻ കൃഷി നടത്താൻ നടപടി

**ചോദ്യം**
**ശ്രീ.പാറക്കൽ അബ്ദുല്ല**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തോട്ടണ്ടി ലഭ്യത ഉറപ്പാക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളിൽ കശുമാവിൻ കൃഷി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും സംസ്ഥാനവുമായി ഇതിനകം ധാരണയായിട്ടുണ്ടോ; എങ്കിൽ ഏതു സംസ്ഥാനവുമായി ; | (ബി) | ധാരണയായിട്ടില്ല. ആന്ധ്രാ പ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള ഒരു പദ്ധതി നിർദ്ദേശം അവിടുത്തെ കൃഷി മന്ത്രിയുമായും മുഖ്യമന്ത്രിയുമായും ചർച്ച ചെയ്തു വരുന്നു. |
| (സി) | എത്ര ഹെക്ടർ സ്ഥലത്താണ് ഈ വിധം കൃഷി ഇറക്കാൻ ഉദ്ദേശിക്കുന്നത്; എന്തുകൊണ്ടാണ് സംസ്ഥാനത്തിനു പുറത്ത് ഈ കൃഷി ഇറക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ ; | (സി) | 50,000 ഹെക്ടർ സ്ഥലമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ സ്ഥല ദൗർലഭ്യമാണ് കാരണം. |
| (ഡി) | ഇതിനായി എത്ര തുക വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഈ പദ്ധതികൊണ്ട് പ്രധാനമായും ലക്ഷ്യംവെക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (ഡി) & (ഇ) | സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനായി ഒരു വർഷം 6 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ആവശ്യമാണ്. എന്നാൽ ലഭിക്കുന്നത് വെറും 80,000 മെട്രിക് ടൺ മാത്രവും ഈ അന്തരം |

| | | |
|---|---|---|
| (ഇ) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ? | കശുവണ്ടി മേഖലയെ വൻ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയെന്നത് ഈ വ്യവസായത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. കേരളത്തിൽ കശുമാവ് കൃഷിക്ക് അനുയോജ്യമായ സ്ഥലം വലിയ അളവിൽ ലഭ്യമാകാത്ത് ഇതര സംസ്ഥാനങ്ങളിൽ ടി കൃഷിക്ക് സ്ഥലം അന്വേഷിക്കുന്നതിന് കാരണമായിട്ടുണ്ട്. ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ അക്കാര്യത്തിന് ഊന്നൽ നൽകുകയും ചെയ്തു. ഇതിനുവേണ്ടി വിനിയോഗിക്കാനുദ്ദേശിക്കുന്ന തുക സംബന്ധിച്ച് സ്ഥലം ലഭ്യമായതിനുശേഷം തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ